പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 61

07 .08.2017-ൽ
മറുപടിയ്ക്ക്

## നോട്ട് മാറ്റിയെടുക്കുന്നതിന് ക്യൂ നിൽക്കേ മരണപ്പെട്ടവർ

| ചോദ്യം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) കേന്ദ്ര ഗവൺമെന്റ് നോട്ട് അസാധുവാക്കിയ വേളയിൽ പഴയ നോട്ട് മാറ്റിയെടുക്കുന്നതിനായി ക്യൂ നിൽക്കേ സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടു ; | (എ) നാല് |
| (ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ ; അങ്ങനെ പ്രഖ്യാപിച്ചിരുന്നോ ; | (ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് കേന്ദ്ര സർക്കാർ ധനസഹായം നൽകുകയോ പ്രഖ്യാപിക്കുകയോ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇത്തരക്കാർക്ക് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും സഹായം പ്രഖ്യാപിച്ചിരുന്നോ ; എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് പ്രഖ്യാപിച്ചിരുന്നത്; ആയത് പൂർണ്ണമായും പാലിച്ചിരുന്നോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) 26/05/2017-ലെ സ. ഉ. (കൈയെഴുത്ത്) 167/17/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നോട്ട് നിരോധനത്തെ തുടർന്ന് നിരോധിച്ച നോട്ട് മാറിയെടുക്കുന്നതിനായി ബാങ്കിന് മുമ്പിലും പുതിയ നോട്ടിന് വേണ്ടി എ. റ്റി. എം. കൗണ്ടറിന് മുമ്പിലും ക്യൂ നിൽക്കുന്നതിനിടെ മരണമടഞ്ഞ നാല് പേരുടെ ആശ്രിതർക്ക് ധനസഹായമായി രണ്ട് ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ